(എ) കേരളത്തിൽ പാചകാവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പാചക-വാതക കണക്ഷൻ ഉള്ളവർക്ക് മണ്ണെണ്ണ നൽകുന്നതിൽ ഉള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പാചക-വാതകം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ റേഷൻകാർഡ് ഉടമകളിൽ നിന്നും 1998-ൽപാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് അപേക്ഷ സ്വീകരക്കുകയും അർഹരായ 10.44 ലക്ഷം അപേക്ഷകരുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഈ ലിസ്റ്റിൽ നിന്നും 1998-ൽ 4 ലക്ഷം പേർക്കും 1999-ൽ 2 ലക്ഷം പേർക്കും മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകർക്ക് മണ്ണെണ്ണയുടെ ലഭ്യതയനുസരിച്ച് പെർമിറ്റ് നൽകുന്നതാണ്.

(സി) ഒരു സിലിണ്ടർ കണക്ഷൻ ഉള്ളവർക്ക് 1998-വരെ 7-ലിറ്ററും രണ്ട് സിലിണ്ടർ ഉള്ളവർക്ക് 1998 വരെ 5 ലിറ്റർ പെർമിറ്റും അനുവദിച്ചിരുന്നു. മണ്ണെണ്ണയുടെ അപര്യാപ്തതമൂലം 1998-ലും 1999-ലും നൽകിയ മണ്ണെണ്ണ പെർമിറ്റുകളിൽ ഗ്യാസ് കണക്ഷൻ ഉള്ള എല്ലാ അപേക്ഷകൾക്കും 3 ലിറ്ററിന്റെ പെർമിറ്റാണ് അനുവദിച്ചത്.

(ഡി) ഉണ്ട്.

(ഇ) 1.3.2000 മുതൽ രണ്ടു സിലിണ്ടർ ഗ്യാസ് കണക്ഷൻ ഉള്ളവരുടെ പെർമിറ്റിന് മണ്ണെണ്ണ നൽകേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഓയിൽ കമ്പനികളുടെ സംസ്ഥാന കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് പാചകവാതകം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റേഷൻകട നടത്തുന്നതിന് ലൈസൻസുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർ

115 (856)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റേഷൻകട നടത്തുന്നതിന് ലൈസൻസുള്ളവരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി/പട്ടിക വർഗ്ഗ കോളനികൾ കേന്ദ്രമാക്കി റേഷൻ കടകൾ അനുവദിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർ - 181 എണ്ണം

പട്ടികവർഗ്ഗക്കാർ - 20 എണ്ണം

(ബി) പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രമായി റേഷൻ കടകൾ അനുവദിക്കുന്നതിന്, സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി, പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.

മാവേലി സ്റ്റോറിലൂടെ ലഭിക്കുന്ന സാധനങ്ങളുടെ വില നിയന്ത്രണം

116 (857)ശ്രീ. എ. കണാരൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എ. അലി ഹസ്സൻ :

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മാവേലി സ്റ്റോറുകളിൽക്കൂടി ഇപ്പോൾ ഏതെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യുന്നത്; കൂടുതൽ സാധനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പൊതു വിപണിയിൽ അരിയുടേയും മറ്റ് അവശ്യ സാധനങ്ങളുടേയും വില നിയന്ത്രിക്കാൻ സിവിൾ സപ്ലൈസ് കോർപ്പറേഷന്റെ വിപണിഇടപെടൽ പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പദ്ധതിയുടെ ഫലമായി പൊതു വിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത 126 പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒന്നു വീതം മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 101 എണ്ണം തുറന്ന് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ബാക്കിയും ഉടനേ തുറന്ന് പ്രവർത്തനമാരംഭിക്കും. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ മാവേലി സ്റ്റോറുകളില്ലാത്ത ബാക്കി പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) അരി, പഞ്ചസാര, തേയില, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, കോഫി, സോപ്പ്, ടൂത്ത് പേസ്റ്റ്, ശിശുപോഷകാഹാരങ്ങൾ, കറി പൗഡ

LIBRARY ARCHIVES Kerala Legislative Assembly